ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പി. ജി. സെൻററിനുവേണ്ടിയുള്ള സ്പെഷ്യൽ റൂൾസ്.

(ഡി) 11

പ്രൊഫസർ	1
റീഡർ	5
ലക്ചറർ	5

ആയുർവേദ കോളേജിലെ പോസ്റ്റ്ഗ്രാഡ്വേറ്റ് സെൻററിലെ നിയമനങ്ങൾ

391. [576] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവേദ കോളേജിലെ പോസ്റ്റ് ഗ്രാഡ്വേറ്റ് സെൻററിൽ അടുത്ത കാലത്തായി നടന്നിട്ടുള്ള നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

യോഗ പ്രകൃതി ചികിൽസ

392. [577] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യോഗ പ്രകൃതി ചികിൽസ പഠിക്കുന്നതിനായി ബി. എ. എം. എസ്. വിദ്യാർത്ഥികൾക്ക് ആശുപത്രി വാർഡിൽ പരിശീലനം നൽകാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഇതു സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) യോഗാസന വാർഡ് ആയുർവേദ പോസ്റ്റ്ഗ്രാഡ്വേറ്റ് ഗവേഷണ സെൻററിൻെറ നിയന്ത്രണത്തിലാണ്. ഈ വാർഡ് തിരുവനന്തപുരം ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുടെ ആവശ്യത്തിനുകൂടി ഉപയോഗപ്രദമാക്കണമെന്നു ആയുർവേദ കോളേജ് പ്രിൻസിപ്പാലിൻെറ നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly